# പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1291

30.01.2018-ന് മറുപടിയ്ക്ക്

## മങ്കട മണ്ഡലത്തിലെ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പ് ഹയർ സെക്കണ്ടറി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിനുള്ള എന്തെല്ലാം നടപടി സ്വീകരിച്ച് വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഇതിനായി കിഫ്ബിയിൽ നിന്നും എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; ഇത് സംബന്ധിച്ച് കിറ്റ്കോ തയ്യാറാക്കിയ പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ടോ; | (എ) & (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പ് ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിന്റെ ഭാഗമായി കിറ്റ്കോ തയ്യാറാക്കിയ 5.09 കോടി (അഞ്ചുകോടി ഒമ്പത് ലക്ഷം) രൂപയുടെ എസ്റ്റിമേറ്റ് അടങ്ങുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകുകയും അപ്രകാരം പദ്ധതി നിർവ്വഹണത്തിനായി 5 കോടി (അഞ്ചുകോടി) രൂപ കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിന് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ ടെൻഡർ മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

(സി) മികവിന്റെ കേന്ദ്രമായി തിരഞ്ഞെടുത്ത കടുങ്ങപുരം ഗവൺമെന്റ് ഹൈസ്കൂളിന് 3 കോടി രൂപ വകയിരുത്തിയിട്ടുണ്ടോ; പ്രസ്തുത തുക സ്കൂളിന് കൈമാറിയിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

(സി) & (ഡി) 2017-18ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം പരമാവധി 3 കോടി (മൂന്ന് കോടി) രൂപയുടെ സർക്കാർ ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മങ്കട മണ്ഡലത്തിലെ കടുങ്ങപുരം ഗവ. ഹയർ സെക്കണ്ടറി സ്കൂളിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ